## ഇ·എ·എൽ·പി·എസ്
## ആമല്ലൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ആമുഖം

തിരുവല്ല മുനിസിപ്പാലിറ്റിയിൽ (പത്തനംതിട്ട ജില്ലയിലെ) ആമല്ലൂർ എന്ന കൊച്ചു ഗ്രാമ പ്രദേശത്താണ് ഇ.എ.എൽ.പി സ്കൂൾ ആമല്ലൂർ സ്ഥിതി ചെയ്യുന്നത്.

കൊല്ലവർഷം 1090-ൽ ഈ സ്ഥലത്തുള്ള ആളുകൾ ചേർന്ന് ഈ സ്കൂളിനുവേണ്ടി സ്ഥലം വാങ്ങി ഷെഡ് കെട്ടി കുട്ടികളെ ചേർത്തു പഠിപ്പിക്കാൻ തുടങ്ങി. തുടർന്ന് കൊല്ലവർഷം 1092 ഇടവം ഏഴാം തീയതി കുടിപ്പള്ളിക്കൂടം ഒരു പ്രൈമറി സ്കൂളായി പരിണമിച്ചു. കൊല്ലവർഷം 1094 ൽ ഈ സ്കൂൾ നാലാം ക്ലാസുവരെയുള്ള പൂർണ്ണ പ്രൈമറി സ്കൂളായി മാറി.

ഈ നാട്ടിലെ വിവിധ ജാതിമതസ്ഥരായ എല്ലാവർക്കും ഈ സ്കൂൾ അതിന്റെ സ്ഥാപനകാലം മുതൽ നാളിതുവരെ പ്രയോജനപ്പെട്ടു കൊണ്ടിരിക്കുന്നു. മാർത്തോമ സുവിശേഷ പ്രസംഗസംഘം ഏറ്റെടുത്ത ഈ സ്കൂൾ ഇപ്പോൾ മാർത്തോമ്മ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലാണ്. ഈ സ്കൂളിനുവേണ്ടി പ്രവർത്തിക്കുന്ന ലോക്കൽ അഡ്വൈസറി കമ്മറ്റി ഇവിടെ ഉണ്ട്.

നാടിന്റെ വികസനത്തിന്റെ നാഴികക്കല്ലാണല്ലോ വിദ്യാലയങ്ങൾ. 1 മുതൽ 4 വരെ ക്ലാസുകളിലായി 2025-26 വർഷത്തിൽ വളരെ കുറച്ച് കുട്ടികൾ മാത്രമാണ് ഈ വിദ്യാലയത്തിൽ അധ്യയനം നടത്തുന്നു. 4 ക്ലാസ്മുറികളും ചെറിയൊരു ഓഫീസ് റൂമും അതിൽ തന്നെ ചെറിയൊരു അടുക്കളയും എല്ലാ ഒടുമെത്ത ഒറ്റക്കെട്ടിടത്തിലാണ്.

രക്ഷിതാക്കളിൽ കൂടുതൽ പേരും കൂലിവേലക്കാരാണ്. അക്കാദമികരംഗത്ത് നാട്ടുകാരുടെയും പൂർവ്വവിദ്യാർത്ഥികളുടെയും വാർഡ് കൗൺസിലറുടെയും സഹായത്തോടെ മുന്നേറാൻ ശ്രമിക്കുന്നുണ്ട്.

ഇപ്പോഴും സ്കൂൾ കെട്ടിടം ഒറ്റക്കെട്ടിടത്തിൽ തന്നെയാണ് നിലകൊള്ളുന്നത്. സ്കൂളിന് 110 വർഷം കഴിഞ്ഞു. 2015 ൽ ശതാബ്ദി ആഘോഷവും നടന്നു.

## അധ്യാപകർ
## നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക അധ്യാപകർ | 3 വർഷത്തിൽ കൂടുതൽ ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| എൽ.പി വിഭാഗം | 3 | 1 | 2 | 1 |

## അവസ്ഥാ വിശകലനം

**2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം**

| വിഭാഗം | I | | II | | III | | IV | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | B | G | B | G | B | G | B | G | B | G |
| | 5 | 0 | - | - | 2 | 2 | 3 | 0 | 10 | 2 |
| ആകെ | 5 | | - | | 4 | | 3 | | 12 | |

കലാകായിക പ്രവൃത്തി പരിചയ മേളകളിലും സബ്ജില്ലാമത്സരത്തിലും ഉയർന്ന ഗ്രേഡ് നേടാനും ഈ സ്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. മുൻ വർഷത്തിൽ എ ഗ്രേഡും ഒന്നാം സ്ഥാനവും കരസ്ഥമാക്കി.

സ്കൂളും പരിസരവും എപ്പോഴും ശുചിത്വഭൂമിയാക്കാൻ എല്ലാവർഷവും സാധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വിമുക്ത സ്കൂൾ എന്നുതന്നെ പറയുവാനുള്ള ധൈര്യം ഇവിടുത്തെ അധ്യാപകർക്കുണ്ട്.

## പൊതു ലക്ഷ്യങ്ങൾ

- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- കുട്ടികളുടെ സർഗ്ഗപരവും, ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേളകളും കലാകായിക വാസനകളും കണ്ടുപിടിച്ച്, പ്രോത്സാഹിപ്പിക്കുകയും. വിവിധ സബ്ജില്ലാ- ജില്ലാതല മത്സരങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
- ലൈബ്രറി വായന ശാക്തീകരിക്കും.
- പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നൽകൽ
- പഠനോപകരണ നിർമാണം.
- ഭാഷാവ്യവഹാരശേഷിക്ക് ഊന്നൽ നൽകി കുട്ടിയെ പ്രാപ്തരാക്കും

# ENGLISH

Aim

Improve the English Language proficiency of students

⇒ All children can read and comprehend text

⇒ Children are able to write different discourses

| Month | Activities | |
|---|---|---|
| June & July | **Listening skill**<br>→ English atmosphere classroom – Teacher talks, interactions<br>→ Listen to the instructions and do accordingly — Organi<br>**Speaking skill**<br>→ Interact with teachers and friends in simple English – Describe about my family, my favourites<br>**Reading skill**<br>→ Read texts daily – daily reading... read one page from textbook<br>→ Reading Games – find word .... first letter, last letter<br>**Writing skill**<br>→ Prepare concept map – word sun... trees... cultivation etc...<br>→ describe a picture in simple sentences – show the picture of a thing | |
| August & September | **LISTENING SKILL**<br>→ Games .... clap up and down<br>→ Listening textbook stories using ICT<br>**SPEAKING**<br>→ Enact conversations in the textbook<br>→ Describe picture, events<br>**READING**<br>→ Reading cards | |

| | |
|---|---|
| | →Reading cards — Eg: find words ending with g, d, etc.. find words starting with P, E<br>**WRITING**<br>→ write short description on flower, garden, pond etc...<br>→ Add more lines |
| October & November | Theatre Games for language acquistion<br>Eg: Teacher ask learners to stand in two lines and produce the sounds of birds/animals, following the instruction of the teacher.<br>**SPEAKING**<br>→Magic box... Keep many things in magic box, find out things in the box by asking qstns<br>→Collect things from house and describe by mentioning their features and usages<br>**READING**<br>→Flash cards — teacher shows cards with words from textbook stories, Learners find out the word and read sentences.<br>**WRITING**<br>→ Add more lines... four lines<br>→ Prepositions... shows pictures and learners write sentences—eg: bird on the tree cat under the table, boat sailing through the stream. |
| December & January. | **LISTENING**<br>→ Collective picture drawing<br>**SPEAKING**<br>→ Games... RIDDLE.. WHO AM I ?<br>→ Memory games.. Teacher shows the picture of certain items, watch it for one minute and let the students tell what are the items<br>**READING**<br>→ Reading newspaper headlines |

| | | |
|---|---|---|
| | **WRITING**<br>→ Conversation.... Teacher ask children to write conversation based on their units<br>→ Write personal diary | |
| February | **LISTENING SKILLS**<br>→ Hearing short stories and answer to question....ICT<br>→ Hello English activities<br>**SPEAKING SKILLS**<br>→ Roleplay<br>→ Game... Every ones story... all groups will get four/ five pictures, from story. Say one or two sentences about story..develop a complete story.<br>**READING SKILLS**<br>→ Read simple stories and answer to questions [ICT, library books]<br>WRITING SKILL<br>→ write stories by using hints (pictures)<br>**VOCABULARY**<br>• My dictionary – select new words from textbook stories<br>• WORD GAMES – word chain, jumbled letters. | |

ലക്ഷ്യം

- പരിസ്ഥിതിസൗഹൃദമനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| മാസങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ജൂൺ | → പ്രകൃതി നടത്തം<br>→ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>→ പ്രത്യേകതകൾ മനസിലാക്കാം.<br>→ വ്യക്തിശുചിത്വവും പരിസരശുചിത്വവും (ബോധവത്കരണ ക്ലാസ്) | |
| ജൂലൈ | → സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>→ വീട്ടിൽ പൂന്തോട്ടം ഒരുക്കാം.<br>→ പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ | |
| ഓഗസ്റ്റ് | → സയൻസ് ക്ലബ് രൂപീകരണം (പ്രവർത്തനങ്ങൾ)<br>→ സയൻസ് കോർണർ<br>→ ലഘുപരീക്ഷണമേള | |
| സെപ്റ്റംബർ | → വിവിധതരം കമ്പോസ്റ്റിന്റെ സാധ്യതകൾ പരീക്ഷിക്കൽ.<br>→ ജൈവവൈവിധ്യഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ<br>→ പ്ലാസ്റ്റിക് ഉപയോഗം (ബോധവത്കരണക്ലാസ് | |

| | | |
|---|---|---|
| ഒക്ടോബർ | → ആരോഗ്യവിദ്യാഭ്യാസം കുട്ടികളിൽ<br>→ ലഹരിവിരുദ്ധ വിദ്യാലയപ്രവർത്തനങ്ങൾ<br>→ ലഹരി ബോധവത്ക്കരണക്ലാസ്. | |
| നവംബർ | → ക്ലാസ് തലത്തിൽ ശുചിത്വമത്സരം<br>→ ശാസ്ത്ര കൗതുകം (പരീക്ഷണങ്ങൾ) | |
| ഡിസംബർ | → ക്യാമ്പ് (പരിസരശുചിത്വം)<br>→ പരിസര മലിനീകരണം തടയുന്നതിന് (സർവ്വേ)<br>→ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | |
| ജനുവരി | → ഫീൽഡ്ട്രിപ്പ് (നമ്മുടെ നാടിനെ അറിയാൻ) (കുളം, വയൽ, കാട്, etc)<br>→ പക്ഷിനിരീക്ഷണം അവസരം | |
| ഫെബ്രുവരി | → പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം ഒരുക്കാം.<br>→ പ്രകൃതിസംരക്ഷണ പോസ്റ്ററുകൾ പരിസരങ്ങളിൽ പതിക്കൽ. | |
| മാർച്ച്. | → പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചിന്ത ഇടപെടലുകൾ മനസിലാക്കാം.<br>(ഡോക്യുമെന്ററി പ്രദർശനം) | |

# ഗണിതം

ലക്ഷ്യം

- എല്ലാ കുട്ടികൾക്കും ഗണിതപഠനം ആസ്വാദ്യകരമാക്കുക.
- എല്ലാ കുട്ടികളെയും മനക്കണക്കിലൂടെ ഗണിത ക്രിയകൾ ചെയ്യാൻ പ്രാപ്തരാക്കുക.
- പ്രായോഗിക പ്രശ്ന വിശകലനത്തിനും നിർധാരണത്തിനും എല്ലാ കുട്ടികൾക്കും പ്രാപ്തിയുണ്ടാക്കുക.

| മാസം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| ജൂൺ | · സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കൽ<br>· സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ | |
| ജൂലൈ | · ഗണിത ലാബ് സജ്ജമാക്കുക.<br>· ഗണിത പഠനം ഗണിത ലാബിലൂടെ നടത്തുക | |
| ആഗസ്റ്റ് | രക്ഷിതാക്കളെയും കുട്ടികളെയും ചേർത്ത് ഗണിത ശിൽപശാല നടത്തുക. ഓരോ യൂണിറ്റിനും ആവശ്യമായ പഠന സാമഗ്രികൾ ശിൽപശാലയിൽ തയ്യാറാക്കുക. | |
| സെപ്റ്റംബർ | ഗണിത പസിലുകൾ, പാറ്റേണുകൾ, മാന്ത്രിക രൂപങ്ങൾ എന്നിവയിലൂടെ വിശകലനത്തിനും നിർധാരണത്തിനും പ്രാപ്തിയുണ്ടാക്കുക | |
| ഒക്ടോബർ | ലളിത രീതികൾ സങ്കലന – വ്യവകലന – ഗുണന – ഹരണം പരിചയപ്പെടുത്തൽ | |
| നവംബർ | ഗണിത മേള സംഘടിപ്പിക്കുക | |
| ഡിസംബർ | ജീവിത ഗണിത പ്രോജക്ടുകൾ—വീട്ടിലെ ചെലവുകൾ രേഖപ്പെടുത്തി വരവ് ചെലവ് താരതമ്യം ചെയ്യൽ | |
| ജനുവരി | സ്കൂളിലെ ഉച്ചഭക്ഷണത്തിന്റെ അരിയുടെ ഉപയോഗം, മറ്റു ചെലവുകൾ രേഖപ്പെടുത്തൽ | |
| ഫെബ്രുവരി | ഗണിത വിജയം പ്രവർത്തനങ്ങൾ | |

# ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം

1. മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കൽ സൗകര്യങ്ങൾ– ക്ലാസിലും സ്കൂൾ ക്യാമ്പസിലും
2. കംപോസ്റ്റിങ് സൗകര്യങ്ങൾ

ഹരിതപരിസരം ഉറപ്പാക്കൽ

1. ജൈവവൈവിധ്യപാർക്ക്
2. വൃക്ഷവൽക്കരണം
3. ശലഭോദ്യാനം
4. ഔഷധത്തോട്ടം
5. ജൈവകൃഷിത്തോട്ടം

സൗന്ദര്യവല്ക്കരണം

1. പൂന്തോട്ടം
2. ചുറ്റുമതിൽ– പുറംഭിത്തിയും അകംഭിത്തിയും ആകർഷകമാക്കുക.
3. വിദ്യാലയ കെട്ടിടങ്ങളുടെ ചുവരുകൾ പഠനമൂല്യമുള്ളതാക്കി മാറ്റൽ.
4. സ്കൂൾ മതിലിന് പുറത്ത് റോഡിനിടയിലുള്ള സ്ഥലം കാലാവസ്ഥക്കനുയോജ്യമായ പൂക്കളോ ചെടികളോ നട്ട് ആകർഷകമാക്കൽ.
5. ആവശ്യത്തിന് ഡ്രെയിനേജ് സൗകര്യം ഒരുക്കൽ.

ലക്ഷ്യം

* ലഹരിവിരുദ്ധ അവബോധം കുട്ടികളിൽ വളർത്തുക.
* കുട്ടികളിൽ ലഹരിക്കെതിരായ മനോഭാവമാണ് വികസിക്കേണ്ടത്.

* പാഠപുസ്തകത്തിലെ ആശയങ്ങളിൽ അനുയോജ്യമായവ വിനിമയം ചെയ്യുമ്പോൾ ലഹരിക്കെതിരായ മനോഭാവം വളർത്താൻ സഹായകമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു.
* ക്ലാസ്സിലെ ചർച്ചകൾ
* സംവാദങ്ങൾ
* ലഹരിവിരുദ്ധ മുദ്രാഗീതങ്ങൾ രചിക്കുക.
* ലഹരിവിരുദ്ധ സന്ദേശങ്ങൾ പൊതുഇടങ്ങളിൽ പ്രചരിപ്പിക്കുക.
* സ്കൂളിനകത്ത് ലഹരിക്കിടയായ വസ്തുക്കൾ ആരും തന്നെ കൊണ്ടുവരുന്നില്ല എന്ന് ഉറപ്പുവരുത്തുക.
* ലഹരി വിരുദ്ധ സന്ദേശ റാലികൾ
* ലഹരിവിരുദ്ധ പ്രതിജ്ഞ
* കൂട്ടയോട്ടം
* ലഹരിവിരുദ്ധ പോസ്റ്ററുകൾ.

ലക്ഷ്യം.

മലയാളഭാഷ ഉല്ലാസകുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

| മാസങ്ങൾ | പ്രവർത്തനങ്ങൾ | |
|---|---|---|
| • ജൂൺ | → വായനക്കൂട്ടം രൂപീകരിക്കൽ<br>→ എഴുത്ത് കൂട്ടം രൂപീകരിക്കൽ<br>→ വായനാ മത്സരങ്ങൾ<br>→ വായനാകാർഡുകൾ തയ്യാറാക്കുക. | |
| • ജൂലൈ | → എഴുത്ത്കൂട്ടം<br>→ വായനാകൂട്ടം<br>→ സർഗവേള<br>→ എഴുത്ത്, വായന (പ്രത്യേക പരിശീലനം) | |
| • ആഗസ്റ്റ് | → വായനോത്സവം, സ്കൂൾ പത്രം തയ്യാറാക്കൽ<br>→ ക്ലാസ് ലൈബ്രറി<br>→ വീട്ടിലൊരു ലൈബ്രറി | |
| • സെപ്റ്റംബർ | → ക്ലാസ് വായനക്കൂട്ടം<br>→ പുസ്തക പരിചയം<br>→ വായനാക്കുറിപ്പുകൾ | |
| • ഒക്ടോബർ | → ലഘുപതിപ്പുകൾ തയ്യാറാക്കൽ<br>→ വീട്ടിലൊരു ലൈബ്രറി വിപുലീകരണം<br>→ സർഗവേള<br>→ മലയാളത്തിളക്കം. | |

| | | |
|---|---|---|
| • നവംബർ | → എഴുത്തുകൂട്ടം<br>→ വായനാക്കൂട്ടം<br>→ സർഗവേള<br>→ സ്കൂൾ പത്രം തയ്യാറാക്കൽ<br>→ വീട്ടിൽ നിന്നൊരു രചന | |
| • ഡിസംബർ | → അതിഥിക്ലാസ്<br>→ എഴുത്തുകൂട്ടം<br>→ വായനാക്കൂട്ടം<br>→ സർഗവേള<br>→ പ്രത്യേക ക്ലാസ് (എഴുത്ത്, വായന) | |
| • ജനുവരി | → എഴുത്തുകൂട്ടം<br>→ വായനാക്കൂട്ടം<br>→ സർഗവേള<br>→ സ്കൂൾ പത്രം<br>→ വീട്ടിലൊരു ലൈബ്രറി – (സന്ദർശനം) | |
| • ഫെബ്രുവരി | → അതിഥിക്ലാസ്<br>→ എഴുത്ത്, വായനാക്കൂട്ടം<br>→ സർഗവേള<br>→ മികച്ച വായനക്കാരെ കണ്ടെത്തൽ<br>→ മികച്ച ഗൃഹലൈബ്രറി കണ്ടെത്തൽ | |
| • മാർച്ച് | → എഴുത്തുകൂട്ടം, വായനാക്കൂട്ടം<br>→ സർഗവേള<br>→ മികച്ച വായനക്കാർ, എഴുത്തുകാർ (സമ്മാനം നൽകൽ)<br>→ മികച്ച ഗൃഹലൈബ്രറി (സമ്മാനം നൽകൽ) | |

## ഉപസംഹാരം.

ഈ.എ.എൽ.പി സ്കൂൾ ആമ്പല്ലൂരിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.